**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4203** **28-06-2024 - ൽ മറുപടിയ്ക്ക്**

**തെരുവ് നായ ശല്യം ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | വർദ്ധിച്ച് വരുന്ന തെരുവ് നായ ശല്യം ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നത്; | (എ) | സർക്കാരിന്റെ 23.08.2022. ലെ സ.ഉ (സാധാ) നം. 2065/2022/LSGD, 15.09.2022 ലെ സ.ഉ (സാധാ) നം. 2244/2022/LSGD എന്നീ ഉത്തരവുകൾ പ്രകാരം തെരുവുനായകളുടെ ശല്യം പരിഹരിക്കുന്നതിന് സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്ത് തെരുവുനായകളുടെ വംശവർദ്ധനവ് നിയന്ത്രിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് അനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി) പ്രോഗ്രാം. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതോടൊപ്പം തെരുവുനായകളുടെ ശല്യം പരിഹരിക്കുന്നതിനായി തീവ്ര വാക്സിനേഷൻ യജ്ഞം, അഭയ കേന്ദ്രങ്ങൾ സജ്ജമാക്കൽ, ശുചിത്വ യജ്ഞം, ഐ.ഇ.സി ക്യാമ്പയിൻ, വളർത്തു നായ്ക്കൾക്ക് ലൈസൻസ് നൽകൽ എന്നിവ നടത്തി വരുന്നു. കൂടാതെ അനിമൽ ബർത്ത് കൺട്രോൾ റൂൾസ് 2023 പ്രകാരമുള്ള പ്രവർത്തനങ്ങളും നടത്തി വരുന്നുണ്ട്. 01.09.2022 മുതൽ 29.02.2024 വരെ സംസ്ഥാനത്ത് ആകെ 20299 നായ്ക്കളെ വന്ധ്യംകരണം നടത്തിയിട്ടുണ്ട്. 2016 മുതൽ 31.08.2022 വരെ സംസ്ഥാനത്ത് ആകെ 79,859 നായ്ക്കളെ വന്ധ്യംകരണം നടത്തിയിട്ടുണ്ട്. |
| (ബി) | 2016 മുതൽ ഓരോ വർഷവും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള തെരുവ് നായ്ക്കളുടെ ആക്രമണം സംബന്ധിച്ച വിശദാംശം വർഷം, ആക്രമിക്കപ്പെട്ടവരുടെ എണ്ണം, മരണപ്പെട്ടവരുടെ എണ്ണം എന്നിങ്ങനെ തരംതിരിച്ച് നൽകാമോ; | (ബി) | 2016 മുതൽ ഓരോ വർഷവും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള തെരുവ് നായ്ക്കളുടെ ആക്രമണം സംബന്ധിച്ച വിശദാംശം മാത്രമായി ലഭ്യമല്ല. എന്നാൽ, നായ കടിയേറ്റ് ചികിത്സ തേടിയവരുടെ എണ്ണം, വിവിധ കാരണങ്ങളാൽ പേവിഷബാധ മൂലം മരണപ്പെട്ടവരുടെ എണ്ണം എന്നിങ്ങനെ തരം തിരിച്ച് ചുവടേ ചേർത്തിരിക്കുന്നു. |

| വർഷം | നായ കടിയേറ്റ് ചികിത്സ തേടിയവരുടെ എണ്ണം | പേവിഷബാധ മൂലം മരണപ്പെട്ടവരുടെ എണ്ണം |
|---|---|---|
| 2016 | - | 5 |
| 2017 | 135749 | 8 |
| 2018 | 148899 | 9 |

<table>
<tr><td></td><td></td><td></td><td>
<table>
<tr><td>2019</td><td>161055</td><td>8</td></tr>
<tr><td>2020</td><td>160483</td><td>5</td></tr>
<tr><td>2021</td><td>221379</td><td>11</td></tr>
<tr><td>2022</td><td>288866</td><td>27</td></tr>
<tr><td>2023</td><td>306427</td><td>25</td></tr>
<tr><td>2024</td><td>126337<br>(31/05/2024 വരെ)</td><td>16<br>(26/06/2024 വരെ)</td></tr>
</table>
</td></tr>
<tr><td>(സി)</td><td>തെരുവ് നായ്ക്കളുടെ എണ്ണം നിയന്ത്രിക്കാൻ ഇപ്പോൾ സ്വീകരിച്ച് വരുന്ന നടപടികൾ കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ;</td><td>(സി)</td><td>തെരുവ് നായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി നിലവിൽ സ്വീകരിച്ചു വരുന്ന എ.ബി.സി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.</td></tr>
<tr><td>(ഡി)</td><td>തെരുവ് നായ ശല്യം നിയന്ത്രിക്കുന്നതിന് തടസ്സമാകുന്ന കാരണങ്ങൾ എന്തൊക്കെയാണ്; വിശദീകരിക്കാമോ?</td><td>(ഡി)</td><td>അഭയ കേന്ദ്രങ്ങൾ, എ.ബി.സി സെന്ററുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള സ്ഥല ലഭ്യതക്കുറവ്, പൊതുജനങ്ങളുടെ എതിർപ്പ് തുടങ്ങിയ കാരണങ്ങളാൽ പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാകുന്നുണ്ട്.കൂടാതെ എ.ബി.സി പദ്ധതിയുടെ നടത്തിപ്പിന് നിർവ്വഹണ ഏജൻസിയായി 2017 മുതൽ കുടുംബശ്രീയെയാണ് തെരഞ്ഞെടുത്തിരുന്നത്. എന്നാൽ കുടുംബശ്രീക്ക്, ആനിമൽ വെൽഫെയർ ബോർഡിന്റെ അംഗീകാരം ലഭിക്കാത്തതിനാൽ ബഹു. കോടതി കുടുംബശ്രീയെ പ്രസ്തുത പദ്ധതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്. ഇതുൾപ്പെടെ എ.ബി.സി പദ്ധതി നടത്തിപ്പിൽ തടസ്സങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. നിലവിൽ തദ്ദേശ സ്വയംഭരണ വകുപ്പും മൃഗസംരക്ഷണ വകുപ്പും സംയുക്തമായാണ് എ.ബി.സി പദ്ധതി നടപ്പിലാക്കി വരുന്നത്.</td></tr>
</table>

സെക്ഷൻ ഓഫീസർ